I.ഇ.ബി. XIIകേരള നിയമസഭ/VIII-1

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 23, തിങ്കൾ

പന്ത്രണ്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2008 ജൂൺ മാസം 23-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വിദ്യാർത്ഥി യുവജനസമരം

മി. സ്പീക്കർ: സംസ്ഥാനത്ത് നടന്നുവരുന്ന വിദ്യാർത്ഥി യുവജന സമരത്തെ അടിച്ചമർത്താൻ നടത്തുന്ന പോലീസ് നടപടികളെത്തുടർന്ന് ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ.സി. വേണു ഗോപാൽ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അടിയന്തിരപ്രമേയനോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള

അവസ്ഥാ വിശേഷം സംസ്ഥാനത്ത് നിലവിലില്ല. വിദ്യാർത്ഥി-യുവജന പ്രക്ഷോഭങ്ങളെ അടിച്ചമർത്തുക എന്നത് ഈ ഗവൺമെന്റിന്റെ നയമല്ല. ജനാധിപത്യപരമായ പ്രതിഷേധ പ്രകടനങ്ങളും സമരങ്ങളും നടത്താനുള്ള പൂർണ്ണ സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ട്. എന്നാൽ അതിന്റെ മറവിൽ ചില അക്രമസംഭവങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ആലപ്പുഴയിൽ ഒരു കൂട്ടം യൂത്ത് കോൺഗ്രസ് പ്രവർത്തകർ സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രിയുടെ കോലംകത്തിച്ച് പ്രകടനം നടത്തുകയുണ്ടായി. അതിൽ പ്രതിഷേധിച്ച് പ്രകടനം നടത്തിയ ഡി.വൈ.എഫ്.വൈ. പ്രവർത്തകർ ആലപ്പുഴ ഡി.സി.സി. ഓഫീസിനുമുന്നിലെത്തിയപ്പോൾ അവർക്കെതിരെ കല്ലേറുണ്ടായി. ഡി.സി.സി. ഓഫീസിന് എതിർവശത്തുള്ള സി.പി.ഐ. ഓഫീസിലേയ്ക്കും കല്ലേറുണ്ടായി. ഈ സംഭവത്തിൽ ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 4 പ്രതികളെ അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി അവരെ റിമാൻഡ് ചെയ്തിരിക്കുകയുമാണ്. 17-ാം തീയതി പോലീസ് ഉദ്യോഗസ്ഥരുടെ ഉത്തരവ് ലംഘിച്ച് സെക്രട്ടേറിയറ്റ് കോമ്പൗണ്ടിനുള്ളിൽ അതിക്രമിച്ചുകയറിയ കെ.എസ്.യു പ്രവർത്തകർ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് പരുക്കേൽപ്പിക്കുകയും സർക്കാർ വാഹനങ്ങൾക്കും പൊതുമുതലുകൾക്കും നാശനഷ്ടം വരുത്തുകയും ചെയ്ത സംഭവത്തിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. 20-ാം തീയതി ഏതാനും കെ.എസ്.യു. പ്രവർത്തകർ കൊല്ലത്തെ മുളങ്കാടകം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ നടന്നുകൊണ്ടിരുന്ന ക്ലസ്റ്റർ മീറ്റിംഗ് അലങ്കോലപ്പെടുത്തുകയും അത് തടയാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് പരു

ക്കേൽപ്പിക്കുകയും ചെയ്തു. ഇതുസംബന്ധിച്ചും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 19-ാം തീയതി കെ.എസ്.യു. യൂത്ത് കോൺഗ്രസ് പ്രവർത്തകർ തൃശ്ശൂർ കളക്ടറേറ്റിലേയ്ക്കു നടത്തിയ മാർച്ച് കളക്ടറേറ്റിനുമുന്നിൽ വച്ച് പോലീസ് തടഞ്ഞപ്പോൾ അക്രമാസക്തരാവുകയും പോലീസിനുനേരെ കല്ലേറ് നടത്തുകയും ചെയ്തു. അക്രമികളെ പോലീസ് വിരട്ടി ഓടിക്കുന്നതിനിടയിൽ ശ്രീ.ടി.എൻ. പ്രതാപൻ എം.എൽ.എ.യുടെ ഇടതുകൈത്തണ്ടയ്ക്ക് നേരിയ പരുക്കേൽക്കുകയുണ്ടായി. ഇതുസംബന്ധിച്ച് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും തൃശ്ശൂർ നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും ചെയ്യുന്നുണ്ട്. 21-ാം തീയതി വൈകിട്ട് ചങ്ങനാശ്ശേരി കോൺഗ്രസ് ഓഫീസിന് മുന്നിൽ വച്ചുണ്ടായ ഏറ്റുമുട്ടലിൽ കോൺഗ്രസ്സുകാരനായ തൃക്കൊടിത്താനം പഞ്ചായത്ത് മെമ്പറെ ദേഹോപദ്രവമേൽപിച്ചതായി പരാതി ലഭിച്ചതിനെത്തുടർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയും ചെയ്യുന്നു. എന്തെല്ലാം പ്രകോപനമുണ്ടായാലും പാർട്ടി ഓഫീസുകൾ ആക്രമിക്കപ്പെടാൻ പാടില്ല. സംസ്ഥാനത്തെ എല്ലാ പാർട്ടി ഓഫീസുകളും സുരക്ഷിതമായി പ്രവർത്തിക്കാനാവശ്യമായ സാഹചര്യമുണ്ടാക്കുന്നതിനും അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: സംസ്ഥാനത്ത് സമീപകാലത്തൊന്നുമുണ്ടായിട്ടില്ലാത്ത ക്രൂരമായ വിദ്യാർത്ഥി വേട്ടയും അതിക്രമങ്ങളുമാണ് നടക്കുന്നത്. കെ.എസ്.യു. പ്രസിഡന്റ് ശ്രീ.ഹൈബി ഈഡൻ തിരുവനന്തപുരത്തെ ജയിലിൽ നിരാഹാരം കിടക്കുകയാണ്. വിദ്യാർത്ഥി

സമരങ്ങളെ പ്രതികാരദാഹത്തോടുകൂടി കാണുകയും വിദ്യാർത്ഥികളോട് മൃഗതുല്യമായി പെരുമാറുകയും ചെയ്യുന്ന അത്യപൂർവ്വ കാഴ്ചയാണ് കാണാൻ കഴിയുന്നത്. സെക്രട്ടേറിയറ്റ് വളപ്പിൽ കയറിയ പത്തോളം വരുന്ന വിദ്യാർത്ഥികളെ പോലീസുകാർ വളഞ്ഞുവച്ച് ഭീകരമായി മർദ്ദിച്ച് ഒതുക്കുകയാണുണ്ടായത്. കെ.എസ്.യു. സംസ്ഥാന സെക്രട്ടറി ശ്രീ. ഷിബു ജയിലിൽ കിടന്ന് രക്തം ഛർദ്ദിച്ചത് വളരെ ദയനീയമായ കാഴ്ചയാണ്. ഈ സംഭവത്തിൽ പ്രതിഷേധിച്ച് തൃശ്ശൂരിൽ പ്രകടനം നടത്തിയവരെ പോലീസ് ആക്രമിക്കുകയും എം.എൽ.എ. ആണെന്നറിഞ്ഞിട്ടും ശ്രീ. ടി. എൻ. പ്രതാപനെ ഒരു സി.ഐ. തല്ലുകയുമാണുണ്ടായത്. സംഭവം കഴിഞ്ഞ് 5 ദിവസമായിട്ടും എം.എൽ.എ.യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെതിരെ നടപടിയുണ്ടായിട്ടില്ല. സമരം കഴിഞ്ഞ് ബസ്സിൽ പോകുമ്പോൾ ചാലക്കുടി ബ്ലോക്ക് സെക്രട്ടറി അനിലിനെ തടഞ്ഞുനിർത്തി ഭീകരമായി മർദ്ദിക്കുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വീട്ടിലേയ്ക്ക് മാർച്ചുനടത്തിയപ്പോൾ പോലീസ് ആക്രമണത്തിനിരയായ ശ്രീ. തോമസ് ചാഴികാടൻ, എം.എൽ.എ. ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്. ജനപ്രതിനിധികൾക്കുപോലും രക്ഷയില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ആലപ്പുഴയിലെ വിദ്യാർത്ഥി സമരത്തിൽ ഭീകരമായ പോലീസ് മർദ്ദനമുണ്ടായി. മാനദണ്ഡങ്ങളൊന്നും പാലിക്കാതെ വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് എ.ആർ. ക്യാമ്പിൽ കൊണ്ടുപോയി പൂട്ടിയിടുകയും മാർക്സിസ്റ്റുകാരായ പോലീസുകാരെ ഉപയോഗിച്ച് മർദ്ദനം നടത്തുകയും ചെയ്യുന്നു. ഗ്രനേഡ് അടക്കമുള്ള മാരകായുധങ്ങളുപയോഗിച്ച് കേരളത്തിലെല്ലായിടത്തും ഭീകരമായ വിദ്യാർത്ഥിവേട്ട നടത്തിക്കൊണ്ടിരിക്കുകയാണ്. ഡി.സി.സി. ഓഫീസിനുനേരെ കല്ലെറിഞ്ഞവർക്കെതിരെ കേസ് എടുത്തിട്ടില്ല. ഡി.വൈ.

എഫ്.ഐ.ക്കാർ ഏകപക്ഷീയമായിട്ടാണ് ഡി.സി.സി. ഓഫീസിനുനേരെ ആക്രമണം നടത്തിയത്. മൗലികമായ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ച് നടത്തുന്ന വിദ്യാർത്ഥി സമരത്തെ ചോരയിൽ മുക്കിക്കൊന്ന് ഭരണവുമായി മുന്നോട്ടുപോകാമെന്നുള്ളത് വെറും വ്യാമോഹം മാത്രമാണ്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റുചെയ്യുകയും ജുഡീഷ്യൽ അന്വേഷണം നടത്തുകയും ഈ കിരാതവേട്ടയ്ക്ക് അവസാനം വരുത്താൻ നടപടി സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാകും. സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേരളത്തെ ഒരു കലാപഭൂമിയാക്കിമാറ്റാൻ കോൺഗ്രസ് നേതൃത്വം ആസൂത്രണം ചെയ്ത സംഭവ പരമ്പരകളാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. കേന്ദ്രമന്ത്രി ശ്രീ. വയലാർ രവിയും മനുഷ്യാവകാശ കമ്മീഷൻ മെമ്പറും യു.ഡി.എഫ്. കൺവീനറും നടത്തിയ ചില പ്രസ്താവനകൾ ഇതിനു തെളിവാണ്. കേരളത്തിൽ ഇപ്പോൾ നടക്കുന്ന വിദ്യാർത്ഥി സമരങ്ങളെല്ലാം പാർലമെന്റ് തെരഞ്ഞെടുപ്പിനെ മുന്നിൽക്കണ്ടുകൊണ്ടാണെന്നുള്ള കാര്യത്തിൽ സംശയമില്ല. തെരഞ്ഞെടുപ്പിനെ നേരിടാൻ കോൺഗ്രസ്സിന്റെ അണികളെ രാഷ്ട്രീയമായി സജ്ജമാക്കാൻ വേണ്ടി നടത്തുന്ന വിദ്യാർത്ഥി സമരങ്ങളെ ഒരു കാരണവശാലും ഈ ഗവൺമെന്റ് അംഗീകരിക്കില്ല. ഐക്യജനാധിപത്യമുന്നണിയിലെ ഘടകകക്ഷികൾക്കിടയിൽത്തന്നെ തമ്മിലടിയാണ് നടക്കുന്നത്. യു.ഡി.എഫ്-ന്റെ ഭരണകാലത്താണ് വിദ്യാർത്ഥിസമരങ്ങളെ അടിച്ചമർത്താൻ മൃഗീയ ശ്രമങ്ങൾ നടന്നിട്ടുള്ളത്. ഇത്തരം സമരങ്ങൾക്കിടയിൽ ജനപ്രതിനിധികൾ ഒരു കാരണവശാലും അക്രമിക്കപ്പെടാൻ പാടില്ലെന്ന്

പോലീസുദ്യോഗസ്ഥർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ജനപ്രതിനിധികൾ മർദ്ദിക്കപ്പെടുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. അവരെ പരമാവധി സംരക്ഷിക്കാൻ ഗവൺമെന്റ് ശ്രമിക്കും. വിദ്യാർത്ഥികൾ സമരത്തിന്റെ പേരിൽ ക്ലാസ്സ് മുറികളിൽ കയറി നടത്തിയ അക്രമങ്ങളുടെ ഫലമായി നിരവധി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സാരമായ പരിക്കുകൾ പറ്റിയിട്ടുണ്ട്. പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി സമരമെന്ന വ്യാജേന അക്രമികളെ കയറൂരി വിട്ടിരിക്കുകയാണ്. വിദ്യാർത്ഥി സമരത്തിന്റെ പേരിൽ പ്രശ്നങ്ങളുണ്ടാക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കും. അക്രമസമരങ്ങൾ നടത്തി കേരളത്തെ കലാപകലുഷിതമാക്കുന്നതിൽ നിന്നും പ്രതിപക്ഷം പിൻമാറണം. ആത്മസംയമനം പാലിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയം നഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

<u>മലബാർ മേഖലയിൽ ഉപരിപഠനത്തിനുള്ള സൗകര്യം</u>

ശ്രീ. വി. ശശികുമാർ : മലബാർ മേഖലയിൽ എസ്.എസ്.എൽ.സി പാസ്സായ എല്ലാ വിദ്യാർത്ഥികൾക്കും ഉപരിപഠനത്തിന് അവസരം ലഭിക്കത്തക്കവിധം പ്ളസ് ടു, വി.എച്ച്.എസ്.സി, ഐ.ടി.ഐ, പോളിടെക്നിക് തുടങ്ങിയ കോഴ്സുകളിലേയ്ക്കുള്ള സീറ്റുകൾ വർദ്ധിപ്പിക്കണം.

..........................................(ബഹളം)...................................................

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ സഭയിലെ രണ്ട് അംഗങ്ങൾക്ക് പോലീസ് മർദ്ദനത്തിൽ പരിക്കേറ്റിട്ടുണ്ട് ശ്രീ. ടി.എൻ. പ്രതാപനെ തല്ലിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുമോ എന്ന തിനും അതിനെക്കുറിച്ച് അന്വേഷിക്കുമോ എന്നതിനും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം

( ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

**ശ്രദ്ധ ക്ഷണിക്കൽ (തുടർച്ച)**

ശ്രീ. വി. ശശികുമാർ : മലബാർ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാ വസ്ഥയ്ക്ക് പരിഹാരം കാണണം. മലപ്പുറം ജില്ലയിൽ 15 പഞ്ചായത്തുകളിൽ പ്ളസ് ടു-വിന് സർക്കാർ സ്കൂളുകൾ ഇല്ല. അവിടെ പ്രത്യേകമായി സ്കൂളുകൾ അനുവദിക്കണം. കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലും പ്ളസ് ടു-വിന് സീറ്റുകൾ കുറവാണ്. മലബാർ മേഖലയിൽ ഉപരിപഠനത്തിന് കൂടുതൽ സൗകര്യമേർപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഹയർ സെക്കന്ററി പഠനത്തിന് നിലവിലുള്ള ഹയർ സെക്കന്ററി ബാച്ചുകളിൽ 3,54,600 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 3,87,456 സീറ്റുകളും പോളിടെക്നിക്കിൽ 9606 സീറ്റുകളും ഐ.ടി.ഐ കളിൽ

9479 സീറ്റുകളും ലഭ്യമാണ്. മലബാർ മേഖലയിൽ സീറ്റുകൾ കുറവാണെന്നുള്ളത് പരിഹരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാം.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശുപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2008-09 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1 മുതൽ X വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

(1) 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) : 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) : 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ) :1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 4-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അസാധുവാക്കിയതിന്റെ ഫലമായി കയർത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് ഫണ്ടിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കയർ ഉല്പന്നങ്ങളുടെ വ്യാപാരികളുടെ മേൽ ഒരു സെസ്സ് ചുമത്തുന്നതിന് ഉദ്ദേശിക്കുന്നതാണ് ഈ ബിൽ.

ശ്രീ.പി. വിശ്വൻ : 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-7-2008 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ.ആനത്തലവട്ടം അനന്ദൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ.സി.എം. ദിനേശ് മണി : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(116) ഖണ്ഡം 2(2)-ൽ ''നിർവ്വചിച്ചിട്ടില്ലാത്തും'' എന്ന വാക്കിന് പകരം ''നിർവ്വചിച്ചിട്ടില്ലാത്തതും'' എന്ന വാക്ക് ചേർക്കുക.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(130) ഖണ്ഡം 3(1)-ൽ ''ഒരു ശതമാനത്തിൽ കവിയാത്ത'' എന്ന വാക്കുകൾക്ക് പകരം ''ഒരു ശതമാനത്തിൽ കവിയാത്തതും സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്നതുമായ'' എന്ന വാക്കുകൾ ചേർക്കുക.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ): 139-ാം നമ്പർ ഔദ്യോഗിക ഭേദഗതിയിൽ 'ഖണ്ഡം 4(4)' എന്നുള്ളത് 'ഖണ്ഡം 4' എന്ന് മാറ്റം വരുത്തണമെന്ന വാക്കാൽ

ഭേദഗതിയും തിരുത്തിയ പ്രകാരമുള്ള 139-ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കുന്നു.

(139). ഖണ്ഡം 4-ൽ

(എ) ''എന്നിവയുടെ പദവിയിൽ കുറയാത്ത'' എന്ന വാക്കുകൾ ''എന്നിവരുടെ പദവിയിൽ കുറയാത്ത'' എന്ന് മാറ്റുക.

(ബി) ''തദ്ദേശധികാരപരിധി'' എന്ന വാക്കിനു പകരം ''തദ്ദേശാധികാരപരിധി'' എന്ന വാക്ക് ചേർക്കുക.

ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5 മുതൽ 8 വരെയുള്ള വകുപ്പുകൾ

5 മുതൽ 8 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5 മുതൽ 8 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(172) ഖണ്ഡം 9-ൽ ''രണ്ട് ശതമാനം പ്രതിമാസ നിരക്കിൽ പലിശ നൽകാൻ'' എന്ന വാക്കുകൾക്കുശേഷം ''അയാൾക്ക്'' എന്ന വാക്ക് ചേർക്കുക

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10 മുതൽ 14 വരെയുള്ള വകുപ്പുകൾ

10 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10 മുതൽ 14 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(199) 15-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ ''ഓരോ വരഷവും'' എന്ന വാക്കുകൾ ''ഓരോ വർഷവും'' എന്നാക്കുക.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(201) 16-ാം ഖണ്ഡം (3)-ാം ഉപഖണ്ഡത്തിൽ ''അങ്ങനെയുള്ള ലംഘത്തിന്'' എന്ന വാക്കുകൾ ''അങ്ങനെയുള്ള ലംഘനത്തിന്'' എന്നാക്കുക.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 17-ഉം 18-ഉം വകുപ്പുകൾ

17-ഉം 18-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ഉം 18-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 19-ാം വകുപ്പ്

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ) താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(225) 19-ാം ഖണ്ഡം (2)-ാം ഉപഖണ്ഡത്തിൽ ഇനം (ബി)-യിൽ ''രേഖകളും വിവരങ്ങൾ'' എന്ന വാക്കുകൾക്കുപകരം ''രേഖകളുടെയും വിവരങ്ങളും'' എന്ന വാക്കുകൾ ചേർക്കുക.

ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി. സുധാകരൻ): താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(104) ദീർഘശീർഷകത്തിൽ ''വിറ്റുവരിന്മേൽ'' എന്ന വാക്കിനുപകരം ''വിറ്റുവരവിന്മേൽ'' എന്ന വാക്ക് ചേർക്കുക.

(107) തത്വപ്രഖ്യാപനവാക്യത്തിൽ ''അൻപത്തിയെട്ടാം'' എന്ന വാക്കിനുപകരം ''അൻപത്തിയൊമ്പതാം'' എന്ന വാക്ക് ചേർക്കുക.

(109) ഖണ്ഡം 1(1)-ൽ '2007-ലെ കേരള കയർ തൊഴിലാളി ക്ഷേമസെസ്സ് ആക്ട്' എന്നതിനുപകരം '2008-ലെ കേരള കയർ തൊഴിലാളി ക്ഷേമസെസ്സ് ആക്ട്' എന്നുചേർക്കുക.

ഭേദഗതികൾ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.ജി.സുധാകരൻ) 2007-ലെ കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2007-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ രാവിലെ 10.40-ന് പിരിഞ്ഞു.